**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 587** **23-02-2022 - ൽ മറുപടിയ്ക്ക്**

**കേരള റബ്ബർ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ച 'കേരള റബ്ബർ ലിമിറ്റഡ്" പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ബഹു.വ്യവസായ മന്ത്രി 21/12/2021-ൽ HNL, Velloor ലെ KRL ന്റെ ഓഫീസ് ഉത്ഘാടനം ചെയ്തു. ഏകദേശം 160 ഏക്കറിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, വഴി, വെളിച്ചം, വെള്ളം മുതലായവയും റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ വേണ്ട പൊതുവായ സൗകര്യങ്ങളും നൽകുകയാണ് കമ്പനിയുടെ ഇപ്പോഴത്തെ ലക്ഷ്യം. ആയതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കമ്പനി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തന ലക്ഷ്യങ്ങളും സേവനങ്ങളും സംബന്ധിച്ച് KITCO സമർപ്പിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡ് റബ്ബർ വ്യവസായികളുമായി ചർച്ച ചെയ്തു വരികയാണ്. 2022 മേയ് മാസത്തോടെ കമ്പനി പ്രവർത്തനം തുടങ്ങാൻ കഴിയും വിധം നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ